**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**

**തൈക്കാട്, തിരുവനന്തപുരം**

## ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

(നിലവിൽ: സുനിൽ ജേക്കബ്)

വിഷയം: വ്യാവസായിക പരിശീലനം വകുപ്പ്-ജീവനകാര്യം വെൽഡർ ട്രേഡിൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നും ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം നല്കി നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. 29/11/1971 ലെ 408/71/ പി.സി നമ്പരായി സർക്കാർ വിജ്ഞാപനം
2. 24/04/2008 ലെ /19855/ C/2008 തൊഴിൽ നമ്പർ സർക്കാർ കത്ത്
3. ബഹു: കേരള ഹൈക്കോടതിയിൽ WPC 25949/2011(P) നമ്പർ ഉത്തരവ്

## ഉത്തരവ് നമ്പർ A2/283/2007 തീയതി 10/11/11

പരാമർശം (1)ന്റെ സർക്കാർ ഉത്തരവ് പ്രകാരം വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ 3:1 എന്ന അനുപാതത്തിൽ യഥാക്രമം പി.എസ്.സി മുഖാന്തിരവും വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റം മുഖാന്തിരവും നിയമനം നല്കി നികത്തേണ്ടതാണ്. മേൽപ്പറഞ്ഞ അനുപാതം നിശ്ചയിക്കുന്നത് ആകെ അംഗബലത്തിൽ അഥവാ കേഡർ സ്ട്രെംങ്ത്തിൽ ആയിരിക്കണമെന്ന് പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. ടി നിർദ്ദേശം പാലിച്ച് വെൽഡർ ട്രേഡിലെ ഇൻസ്ട്രക്ടർമാരുടെ കേഡർ സ്ട്രെംങ്ത് പരിശോധിച്ച് ക്രമീകരിക്കുകയുണ്ടായി. ഗവ: ഓർഡർ (എം.എസ് No. 91/2010/LBR തീയതി 06/08/2010 പ്രകരമുള്ള സർക്കാർ ഉത്തരവ് പ്രകാരം പുതുതായി ആരംഭിച്ച മലയിൻകീഴ്, തേവലക്കര, മരട്, കൊല്ലങ്കോട്, മണിയൂർ, പെരിങ്ങോം, സീതാംഗോളി , മടിക്കൈ, മണീട് എന്നീ ഐ.ടി.ഐ.കളിൽ പുതിയ യൂണിറ്റുകൾ തുടങ്ങിയതു വഴി വെൽഡർ ട്രേഡിലെ കേഡർ സ്ട്രെങ്ത് 86 ആയിട്ടുണ്ട്. 3:1 അനുപാതം പരിഗണിച്ചാൽ 22 പേർ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്ന് പ്രമോഷൻ വഴി നിയമിക്കപ്പെടേണ്ടതുണ്ട്. നിലവിൽ 17 പേരാണ് പ്രമോഷൻ വഴി ഉദ്യോഗക്കയറ്റം ലഭിച്ച് ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലുള്ളത്. 5 പേർക്കു കൂടി പ്രമോഷൻ നല്കാവുന്നതാണ്. വർക്ക്ഷോപ്പ് അറ്റൻഡർമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പരിശോധിച്ചതിൽ ഇനി പ്രമോഷൻ നല്കേണ്ടത് താഴെ പറയുന്ന ഉദ്യോഗസ്ഥന്മാർക്കാണ്.

| ക്രമ നം | ഗ്രഡേഷൻ ലിസ്റ്റ് ക്രമ.നം | പേര് | യോഗ്യത | പ്രവൃത്തിപരിചയം |
|---|---|---|---|---|
| 1 | 12 | ജിനേഷ് വിജയൻ | SSLC Dip. in Mech.Engg | 27/11/2007 മുതൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സേവനത്തിൽ തുടരുന്നു. |
| 2 | 13 | വി.ബി.ശശികുമാരൻ | SSLC NTC, NAC | 01/12/2007 മുതൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സേവനം തുടരുന്നു. |
| 3 | 14 | എസ്.രാധാകൃഷ്ണൻ | SSLC NTC | 21/01/2008 മുതൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സേവനം തുടരുന്നു. |

| | | | | |
|---|---|---|---|---|
| 4 | 15 | എസ്. പി പ്രദീപ് | SSLC NTC | 21/01/2008 മുതൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സേവനം തുടരുന്നു |
| 5 | 16 | ബി.രഞ്ജിത്ത്കുമാർ | SSLC NTC, NAC | 21/01/2009 മുതൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സേവനം തുടരുന്നു |

ക്രമനം: 1 ലെ ശ്രീ. ജിനേഷ് വിജയൻ അടിസ്ഥാനയോഗ്യത ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ആണ്. വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലേക്ക് ഡിപ്ലോമ യോഗ്യത സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് ടിയാന്റെ പ്രമോഷൻ സംബന്ധിച്ച് സ്പഷ്ടീകരണം സർക്കാരിൽ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇത് സംബന്ധിച്ച് ടിയാന് ഉദ്യോഗക്കയറ്റം പരിഗണിക്കുന്നതാണ്. ഇതിനായി നിലവിലുള്ള ഒഴിവിൽ നിന്നും ഒരൊഴിവ് ഒഴിച്ചിട്ടിരിക്കുന്നു. ക്രമനം: 2 മുതൽ5 വരെയുള്ള ഉദ്യോഗസ്ഥർ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ പ്രമോഷൻ വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളതിനാലും ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥാനക്കയറ്റത്തിനാവശ്യമായ യോഗ്യത നേടിയിട്ടുള്ളതിനാലും കേരളസംസ്ഥാന കീഴുദ്യോഗസ്ഥ സേവനവ്യവസ്ഥകളിലെ ചട്ടം 9 (a) (1) അനുസരിച്ച് 13900 - 24040/- രൂപ ശമ്പള നിരക്കിൽ വെൽഡർ ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ താല്കാലികമായി ഉദ്യോഗക്കയറ്റം നല്കി താഴെപറയുന്ന സ്ഥാപന ങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം: | പേര് | നിയമനം നല്കുന്ന ഐ.ടി.ഐ |
|---|---|---|
| 1 | വി.ബി.ശശികുമാർ | ഐ.ടി.ഐ. മടിക്കൈ-കാസർകോട് |
| 2 | എസ്.രാധാകൃഷ്ണൻ | ഐ.ടി.ഐ - ചന്ദനത്തോപ്പ്,കൊല്ലം |
| 3 | എസ്. പി.പ്രദീപ് | ഐ.ടി.ഐ - മലയിൻകീഴ്-തിരുവനന്തപുരം |
| 4 | ബി.രഞ്ജിത്ത്കുമാർ | ഐ.ടി.ഐ- മരട്-എറണാകുളം |

ഉദ്യോഗക്കയറ്റം ലഭിച്ച് 4 ഉദ്യോഗസ്ഥർക്ക് നിലവിലുള്ള ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ഓപ്ഷൻ പുതുക്കിയ രജിസ്റ്ററിൽ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ നൽകിയിരിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് യാത്രാബത്ത, ദിനബത്ത, സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് എന്നിവയ്ക്ക് നിയമാനുസൃതം അർഹത ഉണ്ടായിരിക്കുന്നതാണ്. ടി ഉദ്യോഗസ്ഥർ വിടുതൽ ചെയ്യുന്ന തീയ്യതിയും പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയ്യതിയും ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ഉദ്യോഗസ്ഥർക്ക്

പകർപ്പ്: (1) പ്രിൻസിപ്പാൾ

മലമ്പുഴ / ധനുവച്ചപുരം / കോഴിക്കോട് / ഏറ്റുമാനൂർ / മലയിൻകീഴ് /ചന്ദനത്തോപ്പ് / മരട് / മടിക്കൈ

(2) ഡീ.റ്റി / എ.ഡി.റ്റി/ജെ.ഡി.റ്റി എന്നിവരുടെ സി.എ.മാർ

(3) റ്റി.റ്റി.ഒ (4) എസ്.എസ്.(എ) (5) കരുതൽ ഫയൽ (എ.2)